**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 51** **04-10-2021 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സമ്പൂർണ്ണ ഡിജിറ്റൽ ആക്കുന്ന നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | 27.02.2016-ന് കോഴിക്കോട് സൈബർ പാർക്കിൽ, അന്നത്തെ രാഷ്ട്രപതിയായിരുന്ന ബഹുമാനപ്പെട്ട ശ്രീ. പ്രണബ് മുഖർജി കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിക്കുകയുണ്ടായി. കോവിഡിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തങ്ങളുടെ വീട്ടുകളിൽ ഇരുന്നു തന്നെ സർക്കാരിന്റെ എല്ലാ സേവനങ്ങളും ഒരു ഏകീകൃത പോർട്ടലിലൂടെ ലഭ്യമാവേണ്ടത് അനിവാര്യമാണ്. ഈ പശ്ചാത്തലത്തിലാണ് കേരള സർക്കാർ എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'e-സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലും 'm–സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകിയിട്ടുള്ളത്. |
| (ബി) | വിവിധ വകുപ്പുകളിലെ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി കൈമാറാൻ ഒരുക്കിയിട്ടുള്ള ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ ജനങ്ങൾ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ എത്ര ശതമാനം വരുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ലഭ്യമാകുന്ന സേവനങ്ങൾക്കും സർട്ടിഫിക്കറ്റുകൾക്കുമായുള്ള അപേക്ഷകൾ നൂറ് ശതമാനവും ഓൺലൈനായിട്ടാണ് സമർപ്പിക്കുന്നത്. നിലവിൽ റവന്യൂ വകുപ്പിന്റെ 24 സർട്ടിഫിക്കറ്റുകളാണ് ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി ലഭ്യമാക്കി വരുന്നത്. |
| (സി) | ഇ-ഗവേണൻസ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന ആപ്പുകളും വെബ് സൈറ്റുകളും എത്രപേർ ഉപയോഗിക്കുന്നു എന്നും ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്നും പരിശോധിക്കുമോ? | (സി) | നിലവിൽ വ്യത്യസ്ത വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ അതാത് വകുപ്പുകളുടെ വെബ്സൈറ്റ് മുഖാന്തരം ഉപയോഗിയ്ക്കുന്നതിനു പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് കേരള സർക്കാർ എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'e-സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലും 'm–സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകിയിട്ടുള്ളത്. പ്രസ്തുത പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും 01.10.2021 ൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ഇതോടൊപ്പം തന്നെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ഓൺലൈൻ സേവനങ്ങളുടെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കുന്ന സർവീസ് ഡാഷ്ബോർഡും (www.dashboard.kerala.gov.in) വികസിപ്പിച്ചിട്ടുണ്ട്. ഇതുവഴി ഓരോ വകുപ്പിന്റെയും സേവന വിതരണവുമായി ബന്ധപ്പെട്ട സ്ഥിതിവിവരങ്ങൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ